# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1913 17.12.2012- ൽ മറുപടിക്ക്

ചോദ്യം ഉത്തരം

ശ്രീ. പി.കെ. ഗുരുദാസൻ

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)

### മത്സ്യഫെഡിലെ ഭരണ സമിതി

| | |
|---|---|
| എ) മത്സ്യഫെഡിന് നിലവിൽ ഭരണസമിതിയുണ്ടോ; നിലവിലുണ്ടായിരുന്ന ഭരണസമിതി പിരിച്ചുവിടപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഭരണസമിതി ഇല്ലാതായിട്ട് എത്ര നാളായി; വ്യക്തമാക്കാമോ; | എ) മത്സ്യഫെഡിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ഇപ്പോൾ നിലവിലില്ല. നിലവിലുണ്ടായിരുന്ന ഭരണസമിതിയെ നീക്കം ചെയ്തുകൊണ്ടും, ഭരണ സ്തംഭനം ഒഴിവാക്കുന്നതിനായി അഡ്മിനിസ്ട്രേറ്ററെ നിയമിച്ചുകൊണ്ടും 07.09.2011-ലെ എഫ്3/9497/11 നമ്പർ പ്രകാരം ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർ കൂടിയായ ഫിഷറീസ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ ഭരണ സമിതി ഫയൽ ചെയ്ത 24401/11 റിട്ട് പെറ്റിഷനിന്മേൽ 12.12.2011-ൽ ബഹുമാനപ്പെട്ട കോടതി പുറപ്പെടുവിച്ച വിധിന്യായ പ്രകാരം പുനഃസ്ഥാപിക്കപ്പെട്ട ഭരണ സമിതിയുടെ കാലാവധി 16.12.2011-ന് അവസാനിച്ചു. മത്സ്യഫെഡിൽ നിലവിൽ മൂന്ന് പേരടങ്ങിയ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയാണ് ഭരണം നിർവ്വഹിക്കുന്നത്. മത്സ്യഫെഡിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി ഇല്ലാതായിട്ട് ഒരു വർഷം പൂർത്തിയാകുന്നു. |
| ബി) പുതിയ ഭരണസമിതി തെരഞ്ഞെടുപ്പ് എന്നു നടത്തും; വ്യക്തമാക്കാമോ; | ബി) പുതിയ ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| സി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ അംഗസംഖ്യ എത്ര; വ്യക്തമാക്കാമോ; | സി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ അംഗസംഖ്യ 5 ഔദ്യോഗിക അംഗങ്ങളും 5 അനൗദ്യോഗിക അംഗങ്ങളും ഉൾപ്പെടെ 10 ആണ്. |

| | |
|---|---|
| | 1. ഫിഷറീസ് വകുപ്പ് സെക്രട്ടറി<br>2. ധനകാര്യ വകുപ്പ് പ്രതിനിധി<br>3. ഫിഷറീസ് ഡയറക്ടർ<br>4. നിയമ വകുപ്പ് പ്രതിനിധി<br>5. മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടർ<br>6. മത്സ്യത്തൊഴിലാളി വിഭാഗത്തിൽ നിന്ന് 3 പേർ<br>7. അനുബന്ധ തൊഴിലാളി വിഭാഗത്തിൽ നിന്ന് 2 പ്രതിനിധികൾ |
| ഡി) ബോർഡിൽ നിലവിൽ ഉള്ള അംഗങ്ങളുടെ എണ്ണം എത്ര; വ്യക്തമാക്കാമോ; | ഡി) നിലവിലുള്ള അംഗങ്ങളുടെ എണ്ണം ഒരു അനൗദ്യോഗികാംഗവും (ചെയർമാൻ) അഞ്ച് ഔദ്യോഗികാംഗങ്ങളും ഉൾപ്പെടെ ആറ് ആണ്. |
| ഇ) മുഴുവൻ അംഗങ്ങളേയും ഉൾപ്പെടുത്തി ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; എന്ന് രൂപീകരിക്കുമെന്ന് വ്യക്തമാക്കാമോ? | ഇ) ഇല്ല. ആയതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ